ഉത്തരം

(എ) ലഭിച്ചിരുന്നു.

(ബി) നടത്തിയിരുന്നു. ധനകാര്യ ഇൻസ്പെക്ഷൻ വിഭാഗം അന്വേഷണം നടത്തിയിരുന്നു.

(സി) സ്വീകരിച്ചിരുന്നു. ധനകാര്യ ഇൻസ്പെക്ഷൻ വിഭാഗം നടത്തിയ പരിശോധനാ റിപ്പോർട്ട് സർക്കാർ പരിശോധിച്ചു. പർച്ചേസിന്റെ കാര്യത്തിൽ അഴിമതി കണ്ടെത്താനായിട്ടില്ല.

(ഡി) പരാതി ലഭിച്ചിട്ടുണ്ട്. കൂടാതെ പത്രവാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഇ) എറണാകുളം ഗവൺമെന്റ് പ്രസ്സിൽ മെഷിനറി വാങ്ങിയതിനെകുറിച്ച് ധനകാര്യ വകുപ്പിനോട് അന്വേഷണം നടത്താൻ ആവശ്യപ്പെട്ടിട്ടുണ്ട്.

(എഫ്) ഇപ്പോൾ പരിഗണനയിലില്ല.

അച്ചടി വകുപ്പിലെ പർച്ചസുകൾ

136 [3723] ശ്രീ. രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന അച്ചടി വകുപ്പിനു കീഴിലുള്ള സർക്കാർ പ്രസ്സുകൾ ഏതൊക്കെയാണ്;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതിൽ ഏതൊക്കെ പ്രസ്സുകൾക്കുവേണ്ടി, എത്ര രൂപയുടെ എന്തൊക്കെ അച്ചടി യന്ത്രങ്ങളാണ് വാങ്ങിയിട്ടുള്ളത്; ഇതെല്ലാം സർക്കാരിന്റെ ഗുണ പരിശോധനാ മാനദണ്ഡമനുസരിച്ചാണോ വാങ്ങിയത് എന്നറിയിക്കാമോ;

(സി) ഇവ ലഭ്യമാക്കുന്നതിനുള്ള ഓർഡർ ആർക്കാണ് നൽകിയിരുന്നത്; ഇതിനുള്ള മാനദണ്ഡം വ്യക്തമാക്കാമോ;

(ഡി) ഏതെല്ലാം യന്ത്രങ്ങളാണ് വാങ്ങേണ്ടതെന്നും അവ ഏത് കമ്പനിയുടേതാണെന്നും, അവയുടെ ഗുണമേൻമയെ സംബന്ധിച്ചും ഉള്ള തീരുമാനങ്ങൾ എടുക്കുന്നത് ആരാണ്;

(ഇ) ഡിപ്പാർട്ടുമെന്റ് പർച്ചേസ് കമ്മിറ്റിയുടെ ചുമതല എന്താണ്; ആരെല്ലാമാണ് ഇതിലെ അംഗങ്ങൾ;

(എഫ്) ഇവരുടെ അനുമതിയോടെയാണോ ഈ യന്ത്രങ്ങൾ വാങ്ങിയിട്ടുള്ളത്;

(ജി) എന്നാൽ ഒരു പ്രൈവറ്റ് ലിമിറ്റഡ് കമ്പനിയിൽനിന്നും പുറന്തള്ളിയ യന്ത്രഭാഗങ്ങൾ കൂട്ടിച്ചേർത്ത യന്ത്രമാണ് തൃക്കാക്കരയിലേക്ക് വാങ്ങിയത് എന്ന് മാധ്യമങ്ങളിൽ വന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എച്ച്) എങ്കിൽ ഈ ഇടപാട് സംബന്ധിച്ച് അന്വേഷണം നടത്താൻ തയ്യാറാകുമോ; എങ്കിൽ ഏതുതരത്തിലുള്ള അന്വേഷണമാണ് നടത്താനുദ്ദേശിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) അച്ചടി വകുപ്പിൻ കീഴിലുള്ള പ്രസ്സുകൾ താഴെ പറയുന്നു:

1. ഗവൺമെന്റ് സെൻട്രൽ പ്രസ്സ്, തിരുവനന്തപുരം
2. ഗവ. പ്രസ്സ്, മണ്ണന്തല
3. മുദ്ര നിർമ്മാണശാല, തിരുവനന്തപുരം
4. സെൻട്രൽ ജയിൽ പ്രസ്സ്, തിരുവനന്തപുരം
5. ഗവ. പ്രസ്സ്, കൊല്ലം
6. ഗവ. പ്രസ്സ്, വാഴൂർ
7. ഗവ. പ്രസ്സ്, എറണാകുളം
8. ഗവ. പ്രസ്സ്, ഷൊർണ്ണൂർ
9. ഗവ. പ്രസ്സ്, കോഴിക്കോട്
10. ഗവ. പ്രസ്സ്, വയനാട്
11. ഗവ. പ്രസ്സ്, കണ്ണൂർ

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഓരോ പ്രസ്സിനും വേണ്ടി വാങ്ങിയ അച്ചടിയന്ത്രങ്ങളുടെ വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(സി) ഓർഡർ നൽകിയ സ്ഥാപനങ്ങളുടെ പേരുകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. ടെക്നിക്കൽ കമ്മിറ്റിയുടെ ശുപാർശ പ്രകാരമാണ് ഓർഡർ നൽകുന്നത്.

(ഡി) ഏതെല്ലാം യന്ത്രങ്ങളാണ് വാങ്ങേണ്ടതെന്ന് വകുപ്പുതലവനാണ് തീരുമാനിക്കുന്നത്. ഗുണമേൻമയെ സംബന്ധിച്ച തീരുമാനങ്ങൾ കാലാകാലങ്ങളിൽ രൂപീകരിക്കുന്നത് ടെക്നിക്കൽ കമ്മറ്റിയാണ്.

(ഇ) ടെക്നിക്കൽ കമ്മറ്റിയുടെ ശുപാർശ പരിശോധിച്ച് പർച്ചേസ് സാംഗ്ഷനുവേണ്ടി ശുപാർശ ചെയ്യുകയാണ് ഡിപ്പാർട്ടുമെന്റ് പർച്ചേസ് കമ്മറ്റിയുടെ ചുമതല. ഉന്നത വിദ്യാഭ്യാസ പ്രിൻസിപ്പൽ സെക്രട്ടറി കൺവീനറും, അച്ചടി വകുപ്പ് ഡയറക്ടർ, ഫിനാൻസ്, സ്റ്റോർ പർച്ചേസ് വകുപ്പുകളുടെ പ്രതിനിധികൾ എന്നിവർ ഇതിലെ അംഗങ്ങളുമാണ്.

(എഫ്) അതെ.

(ജി) വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(എച്ച്) പത്രവാർത്തയുടെ അടിസ്ഥാനത്തിൽ ധനകാര്യ ഇൻസ്പെക്ഷൻ വിഭാഗത്തോട് അന്വേഷണം നടത്താൻ ആവശ്യപ്പെട്ടിട്ടുണ്ട്.

ഗവൺമെന്റ് പ്രസ്സിന്റെ ആധുനികവൽക്കരണം

137 [3724] ശ്രീ. മത്തായി ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എന്തെല്ലാം ആധുനികവൽക്കരണ നടപടികൾ ഗവ:പ്രസ്സിൽ നടപ്പിലാക്കിയിട്ടുണ്ട്; ഇനിയും എന്തെങ്കിലും നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്.